തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അന്നേദിവസം ഞാൻ MCYM പതാക ഉയർത്തുന്നതും അഭിവന്ദ്യ പിതാക്കന്മാർ അവരവരുടെ കത്തീഡ്രൽ ദൈവാലയത്തിലോ ഇടവകയിലോ ഉയർത്തുന്നതാണ്. യുവജന വർഷാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് ഏവരെയും അറിയിച്ചുകൊള്ളുന്നു.

MCYM-ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ പ്രത്യേക മാദ്ധ്യസ്ഥം നിങ്ങളെ ഏവരെയും കൂടുതൽ ശക്തീകരിക്കട്ടെ!

ആയത്, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
15-03-2018

✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

N.B: 1. ഈ കല്പന അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

2. ഇതോടോപ്പമുള്ള പ്രത്യേക പ്രാർത്ഥന യുവജനവർഷത്തിൽ ഇടവകകളിൽ വി. കുർബാനയ്ക്കുശേഷവും കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയോട് ചേർത്തും ചൊല്ലേണ്ടതാണ്.



**യുവജനവർഷത്തിലെ പ്രത്യേക പ്രാർത്ഥന**

പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. സുവർണ്ണജൂബിലി ആഘോഷിക്കുന്ന മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തെ ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. അനേകർക്ക് നന്മയും ദിശാബോധവും ഉൾക്കാഴ്ച്ചയും നൽകാൻ കഴിഞ്ഞ കാലങ്ങളിൽ ഈ പ്രസ്ഥാനത്തെ അനുഗ്രഹിച്ച അങ്ങയുടെ കരുണയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ഈ ജൂബിലി വർഷത്തിലും തുടർന്നുള്ള നാളുകളിലും ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും നാഥാ, അവിടുന്ന് അനുഗ്രഹിക്കണമേ. കഴിഞ്ഞകാലങ്ങളിൽ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയ എല്ലാവരെയും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ ഞങ്ങളുടെ സഭയേയും യുവജന പ്രസ്ഥാനത്തേയും നയിക്കുന്ന ഞങ്ങളുടെ സഭാദ്ധ്യക്ഷനേയും എല്ലാ വന്ദ്യ പിതാക്കന്മാരേയും വൈദികരേയും സന്യസ്തരേയും യുവജനനേതൃനിരയേയും അൽമായ പ്രേഷിതരേയും അവരുടെ ത്യാഗപൂർണ്ണമായ സമർപ്പണത്തെയും അനുഗ്രഹിക്കണമേ. യേശുവിന്റെ തിരുഹൃദയം സ്വന്തമാക്കാനും സുവിശേഷത്തോടുള്ള സ്നേഹത്തിൽ വളരാനും ഞങ്ങളുടെ യുവജനങ്ങളെ സഹായിക്കണമേ. അസ്സീസിയിലെ വി.ഫ്രാൻസിസിനെപോലെ അങ്ങയോടുള്ള സ്നേഹത്താൽ ജ്വലിക്കുന്ന ആത്മാഭിഷേകം നിറഞ്ഞ യുവതിയുവാക്കന്മാരെ നൽകി തിരുസഭയെ ശക്തിപ്പെടുത്തണമേ. ആത്മാവിലും ശരീരത്തിലും നൈർമല്യം കാത്തുസൂക്ഷിക്കുവാനും അങ്ങയുടെ സഭയോട് ചേർന്നുനിന്ന് കൃപയിൽ നിരന്തരം വളരാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും ഞങ്ങളുടെ കാവൽപിതാവായ മാർ തോമാശ്ലീഹായുടേയും യുവജന പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.ഫ്രാൻസിസ് അസ്സീസിയുടെയും സകല വിശുദ്ധരുടെയും പ്രാർത്ഥനകളോട് ചേർത്ത് സമർപ്പിക്കുന്ന ഈ പ്രാർത്ഥനകേട്ട് ഞങ്ങളോട് ഉത്തരമരുളണമേ, ആമ്മേൻ.